മാതൃഭൂമി 11 January 2023

# കാർഷിക വിദ്യാഭ്യാസം പരിഷ്കരിക്കും-ഡോ. സീമ ജഗ്ഗി

**കൊച്ചി▸** കാർഷിക വിദ്യാഭ്യാസം സമൂലമായി പരിഷ്കരിക്കുമെന്ന് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സീമ ജഗ്ഗി. വിദ്യാർഥികളുടെ നൈപുണ്യ വികസനത്തിന് ഉതകുംവിധം പാഠ്യപദ്ധതികളും കോഴ്സുകളും മാറണമെന്നും അവർ പറഞ്ഞു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം സംഘടിപ്പിക്കുന്ന (സി.എം.എഫ്.ആർ.ഐ.) വിന്റർ സ്കൂൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

ഐ.സി.എ.ആറിന്റെ സഹായത്തോടെയാണ് 21 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നത്. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. 13 സംസ്ഥാനങ്ങളിൽനിന്നായി 25 ഗവേഷകരാണ് വിന്റർ സ്കൂളിൽ പങ്കെടുക്കുന്നത്.



▶ സി.എം.എഫ്.ആർ.ഐ. സംഘടിപ്പിക്കുന്ന വിന്റർ സ്കൂൾ ഐ.സി.എ.ആർ. അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സീമ ജഗ്ഗി ഉദ്ഘാടനം ചെയ്യുന്നു